# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 43 — 05.03.2012 ൽ മറുപടിക്ക്

**മന്ത്രിമാരുടെ ന്യൂഡൽഹി സന്ദർശനം**

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ: | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഔദ്യോഗികാവശ്യത്തിനായി എത്ര മന്ത്രിമാർ ന്യൂഡൽഹിയിൽ സന്ദർശനം നടത്തിയെന്നു വ്യക്തമാക്കുമോ; | എ യും ബി യും വിവരം ശേഖരിച്ചുവരുന്നു. |
| ബി) ഓരോ മന്ത്രിയും എത്ര തവണ വീതം യാത്ര നടത്തിയെന്നു വ്യക്തമാക്കുമോ; | |
| സി) ഇതുമൂലം സംസ്ഥാനഖജനാവിൽ നിന്നുണ്ടായ ചെലവ് എത്രയെന്നു വ്യക്തമാക്കുമോ; | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ന്യൂഡൽഹി സന്ദർശനവുമായി ബന്ധപ്പെട്ട് വിമാനയാത്രകൂലിയിനത്തിൽ 29.02.2012 വരെ 11,22,090 രൂപ (പതിനൊന്നു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി തൊണ്ണൂറു രൂപ) ചെലവഴിച്ചിട്ടുണ്ട് |
| ഡി സന്ദർശനംമൂലം സംസ്ഥാനത്തിന് പുതുതായി ലഭ്യമാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ? | ഡി സന്ദർശനംമൂലം സംസ്ഥാനത്തിന് പുതുതായി ലഭ്യമാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാനത്തിൻെറ സമഗ്ര വികസനത്തിന് ആവശ്യമായ നിരവധി പദ്ധതികളാണ് കേന്ദ്രത്തിൻെറ പരിഗണനയ്ക്കായി സമർപ്പിച്ചത്. ഇവയിന്മേൽ അനുകൂലമായ പ്രതികരണമാണ് കേന്ദ്ര ഗവൺമെൻറിൽ നിന്നും ഉണ്ടായിട്ടുള്ളത്.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികളും ആവശ്യങ്ങളും കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ചു. ഇവയിൽ താഴെപ്പറയുന്നവ ഉൾപ്പെടെ നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചു. അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻ കടകളുടെ നവീകരണത്തിന് 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം. സംസ്ഥാനത്തിൻെറ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, പാലക്കാട് കോച്ച് ഫാക്ടറി, വിദർഭ പാക്കേജ്, ഇടുക്കി പാക്കേജ്, വിഴിഞ്ഞം പോർട്ടി... സെക്യൂരിറ്റി ക്ലിയറൻസും പരിസ്ഥിതി ക്ലിയറൻസും, ശ്രവണ വൈകല്യമുള്ളവർക്ക് കൊക്ളിയർ ഇംപ്ലാന്റേഷൻ, നാഷണൽ സ്കൂൾ ഓഫ് അനിമേഷൻ തിരുവനന്തപുരത്ത് സി-ഡിറ്റിൽ നടപ്പാക്കുക, വയനാട്, കർണ്ണാടക എന്നിവിടങ്ങളിൽ കൂടിയുള്ള യാത്രയുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ള കാര്യങ്ങൾ, സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ളൈമാറ്റിക് ചെയ്ഞ്ചിനുള്ള വേൾഡ് ബാങ്കിൽ നിന്നുള്ള ലോൺ, കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നത് സംബന്ധിച്ച്, കുസാറ്റിനെ ഐ.ഐ. ഇ.എസ്.ടി. ആക്കി അപ്ഗ്രേഡ് ചെയ്യുക, കോട്ടയത്ത് ഒരു ഐ.ഐ.ഐ.ടി സ്ഥാപിക്കുക, കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ കൾക്ക് പലിശ സബ്സിഡി നൽകുക, ഹജ്ജ് തീർത്ഥാടകരുടെ ക്വോട്ട കൂട്ടുക, കൊല്ലം-ആലപ്പുഴ ബൈപാസ് നിർമ്മിക്കുക, തൊഴിലുറപ്പു പദ്ധതി യുടെ വേതനം 200 രൂപയായി വർദ്ധിപ്പിക്കുക, സിൽക്കും, എച്ച്.ഇ.എൽ-മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർ ഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL-ഉം SAIL ഉമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്ന് തിരുവനന്തപുരത്തേക്ക് വാതക പൈപ്പ്ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, എൻഡോ സൾഫാൻ വിക്ടിംസിന് മെഡിക്കൽ കെയറും ധനസഹായവും നൽകുക, റീജണൽ ക്യാൻസർ സെന്ററിനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ എന്നാക്കുക, മലബാർ ക്യാൻസർ സെന്ററിനെ റീജണൽ ക്യാൻസർ സെന്ററാക്കുക, കൊച്ചി കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ, അഹാഡ് റെപ്ളിക്കേഷൻ പ്രോഗ്രാം ഫോർ വയനാട്, വോളന്ററി റീ അലോക്കേഷൻ ഫോർ ട്രൈബൽസ് ഇൻ വയനാട്, കണ്ണൂർ കരിപ്പൂർ, ട്രിവാൻഡ്രം, കൊച്ചി എയർപോർട്ടുകൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ.

പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ട കേരളത്തിനു വേണ്ടിയുള്ള സ്പെഷ്യൽ ഫിനാൻഷ്യൽ പാക്കേജ്, മലയാളത്തിന് ക്ലാസിക്കൽ പദവി, കബോട്ടാഷ് നിയമം സംബന്ധിച്ച്, ഹൈസ്പീഡ് റെയിൽ കോറിഡോർ, മുല്ലപ്പെരിയാറിൻെറ അപകട സാദ്ധ്യത സംബന്ധിച്ച കാര്യങ്ങൾ, കൊച്ചി മെട്രോ റെയിൽ പദ്ധതി, കോൾകൃഷിക്കായി 425 കോടി രൂപയുടെ പദ്ധതി, കേരളത്തിലെ 44 നദികളുടെയും റിവർ മാനേജ്മെന്റ് പ്രോഗ്രാം, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തുക, സ്കൂൾ കുട്ടികൾക്കായി വിവിധയിടങ്ങളിൽ ഫുട്ട് ബ്രിഡ്ജ് സ്ഥാപിക്കൽ, മിന്നലിനെയും കടലാ ക്രമണത്തെയും പ്രകൃതി ദുരന്ത ങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തൽ, കേരളത്തിൽ വിവിധോദ്ദേശ്യ സൈ - ക്ലോൺ ഷെൽറ്ററുകൾ സ്ഥാപിക്കൽ, കേരളത്തിലെ 44 നദികളുടെയും റിവർ മാനേജ്മെൻറ് പ്രോഗ്രാമിന് പ്രത്യേക ധനസഹായം, രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുക, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും തമ്മിലുള്ള സംയുക്ത സംരംഭം, ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി സ്ഥാപിക്കൽ, റെയർ എർത്ത് മിനറൽ ബനഫിക്കേഷൻ പ്രോജക്ട് കേരളത്തിൽ സ്ഥാപിക്കൽ, നാഷണൽ മിനറൽ ഡവലപ്മെൻറ് കോർപ്പറേഷനും കേരള സർക്കാരുമായി ചേർന്നുള്ള സംയുക്ത സംരംഭം, എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് നോട്ടി ഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസസ്സ്മെൻറ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പർട്ട് കമ്മിറ്റിയും സ്ഥാപിക്കൽ, ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെൻറ് പ്രോജക്ട്, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ലോകബാങ്ക് വായ്പ, ചീമേനിയിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത വൈദ്യുത നിലയം സ്ഥാപിക്കൽ, ബി.പി. സി.എൽ-ൻെറ കൊച്ചി റിഫൈനറി വികസനം, കൊച്ചിയിൽ എൽ.പി.ജി ഇറക്കുമതി ടെർമിനൽ സ്ഥാപിക്കൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, മത്സ്യ ബന്ധന വള്ളങ്ങൾക്ക് മണ്ണെണ്ണ അനുവദിക്കൽ, ഡീസൽ സബ്സിഡി സ്കീമിൻെറ ഗൈഡ് ലൈൻസ് പുതുക്കൽ, **JnNURM** പദ്ധതിയിൽ വാങ്ങിയ ബസ്സുകൾക്കുള്ള രണ്ടാംഘട്ട തുക അനുവദിക്കൽ, ഡൽഹിയിൽ കേരളാ ഹൗസിന് കൂടുതൽ സ്ഥലം അനുവദിക്കൽ, രാജീവ് ഗാന്ധി അക്കാദമി ഓഫ് ഏവിയേഷൻ ടെക്നോളജിക്ക് പരിശീലനത്തിനായി പഴയ വിമാനം അനുവദിക്കൽ, ചേർത്തലയിൽ ഓർഡനൻസ് ഫാക്ടറി സ്ഥാപിക്കൽ, 35-ാംദേശീയ ഗെയിംസിൻെറ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീഫാബ്രിക്കേറ്റഡ് ഇൻഫ്രാ സ്ട്രക്ചർ നിർമ്മിക്കൽ, റേഷൻ കടകളുടെ നവീകരണത്തിന് സഹായം, സംസ്ഥാനത്തിന് ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, പൊതു വിതരണ ശൃംഖലയിൽ ബയോമെട്രിക് അടിസ്ഥാനത്തിൽ തിരിച്ചറിയൽ രേഖ നിർമ്മിക്കൽ, ന്യായവില ഷോപ്പു കളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ വാഗണുകൾ എത്തുമ്പോൾ ഭക്ഷ്യധാന്യ വിതരണം, തുടങ്ങിയ പദ്ധതി നിർദ്ദേശങ്ങളാണ് സമർപ്പിച്ചത്.

[signature]

സെക്ഷൻ ആഫീസർ